I/88346/2023

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/66/2023-PMMVY2

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 24-03-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

**സർക്കുലർ**

വിഷയം:- വനിത ശിശുവികസന വകുപ്പ്- പി എം എം വി വൈ 2.0 -സംബന്ധിച്ച്:-

സൂചന:-
1. കേന്ദ്ര സർക്കാരിന്റെ 14.07.2023 ലെ DO.No. WW-23/1/2021-WW നമ്പർ കത്ത്
2. ഈ കാര്യാലയത്തിലെ 23.01.2023 ലെ DWCD/66/2023-PMMVY2 നമ്പർ കത്ത്
3. കേന്ദ്ര സർക്കാരിന്റെ 20.02.2023 ലെ PM-17/30/2022-PMMVY നമ്പർ കത്ത്
4. സർക്കാരിന്റെ 17.03.2023 ലെ PM-17/27/2022-PMMVY നമ്പർ കത്ത്

മേൽ സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) പ്രകാരം 01.04.2022 മുതൽ മിഷൻ ശക്തി മാർഗ്ഗരേഖ പ്രകാരം പി എം എം വി വൈ പദ്ധതി നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. മിഷൻ ശക്തി മാർഗ്ഗരേഖ പ്രകാരം പി എം എം വി വൈ പദ്ധതിയിൽ വന്നിട്ടുള്ള മാറ്റങ്ങൾ ചുവടെ ചേർക്കുന്നു;

1. 01.04.2022 മുതൽ ജനിക്കുന്ന രണ്ടാമത്തെ കുട്ടി പെൺകുട്ടിയാണെങ്കിൽ പദ്ധതി ആനുകൂല്യത്തിന് അർഹതയുണ്ട്.
2. രണ്ടാം പ്രസവത്തിൽ പെൺകുഞ്ഞ് ജനിക്കുകയാണെങ്കിൽ 6000 രൂപ ഒറ്റ ഗഡുവിലൂടെ ലഭിക്കുന്നതായിരിക്കും
3. 01.04.2022 നോ ശേഷമോ പെൺകുഞ്ഞ് ജനിക്കുകയാണെങ്കിൽ പ്രസ്തുത ഗുണഭോക്താക്കൾക്ക് 30.06.2023 വരെ പദ്ധതി ആനുകൂല്യത്തിന് അപേക്ഷിക്കാവുന്നതാണ്. 01.07.2023 മുതൽ പദ്ധതി ആനുകൂല്യം (രണ്ടാം പ്രസവത്തിൽ പെൺകുഞ്ഞ് ആണെങ്കിൽ) ലഭിക്കുന്നതിന് കുറഞ്ഞത് കുട്ടി ജനിച്ച് 270 ദിവസത്തിനകം (9 മാസം) രജിസ്റ്റർ ചെയ്തിരിക്കണം.
4. പുതിയ മാർഗ്ഗരേഖ പ്രകാരം ആദ്യ പ്രസവാനുകൂല്യം 5000 രൂപ രണ്ട് ഗഡുക്കളായാണ് ഗുണഭോക്താക്കളുടെ ആധാർ സീഡ് ചെയ്തിട്ടുള്ള അക്കൗണ്ടിൽ നിക്ഷേപിക്കുന്നത്. ആദ്യ ഗഡു 3000 രൂപയും രണ്ടാം ഗഡു 2000 രൂപയും, ആദ്യ പ്രസവത്തിനുള്ള പദ്ധതി ആനുകൂല്യം ലഭിക്കുവാൻ കുട്ടി ജനിച്ച് 270 ദിവസത്തിനകം (9 മാസം) രജിസ്റ്റർ ചെയ്തിരിക്കണം.

| ഗഡുകൾ | നിബന്ധനകൾ | ആനുകൂല്യ തുക | സമയ പരിധി |
|---|---|---|---|
| ആദ്യ ഗഡു | അവസാന മാസമുറ തീയതിയിൽ നിന്നും 6 മാസത്തിനുള്ളിൽ അങ്കണവാടിയിൽ രജിസ്റ്റർ ചെയ്യുകയും കുറഞ്ഞത് ഒരു Ante-natal check-up (ANC) നടത്തിയിരിക്കണം. | ₹. 3000/- | കുട്ടി ജനിച്ച് 270 ദിവസത്തിനകം (9 മാസം) പദ്ധതി സോഫ്റ്റ് വെയറിൽ |
| | i. കുട്ടിയുടെ ജനനം രജിസ്റ്റർ ചെയ്തിരിക്കണം. | | |

| | | | |
|---|---|---|---|
| രണ്ടാം ഗഡു | ii.കുട്ടിക്ക് BCG, OPV, DPT, ഹെപ്പറ്റൈറ്റിസ്-ബി എന്നിവയുടെ ആദ്യ ചക്രം അല്ലെങ്കിൽ അതിന് തുല്യമായ/ പകരം കുത്തിവെപ്പുകൾ നടത്തിയിരിക്കണം. | ₹. 2000/- | രജിസ്റ്റർ ചെയ്തിരിക്കണം. |

5. കേന്ദ്ര-സംസ്ഥാന, പൊതുമേഖല ജീവനക്കാർ, സമാനമായ മറ്റ് പ്രസവാനുകൂല്യങ്ങൾ ലഭിക്കുന്നവർ ഒഴികെ എല്ലാവർക്കും പദ്ധതി ആനുകൂല്യം ലഭിക്കുന്നതിന് രജിസ്റ്റർ ചെയ്യാവുന്നതാണ്.

6. പുതിയ മാർഗ്ഗരേഖ പ്രകാരം പദ്ധതി ആനുകൂല്യം ലഭിക്കുവാൻ ഭർത്താവിന്റെ ആധാർ /തിരിച്ചറിയൽ രേഖകൾ ആവശ്യമില്ല.

**പുതിയ സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട വിവരങ്ങൾ**

**1)** പദ്ധതി ആനുകൂല്യം ലഭിക്കുന്നതിനായി http://pmmvy.nic.in എന്ന പുതിയ പോർട്ടൽ വഴി ഗുണഭോക്താക്കൾക്ക് നേരിട്ടും, അങ്കണവാടി വർക്കർക്കും രജിസ്റ്റർ ചെയ്യാവുന്നതാണ്. ആയതിനായി അങ്കണവാടി വർക്കർമാർക്കുള്ള യൂസർ വിവരങ്ങൾ ലഭ്യമാകുന്നതായിരിക്കും. ഗുണഭോക്താക്കൾക്ക് ഫോൺ നമ്പർ മുഖേനയുള്ള രെജിസ്റ്ററേഷനിലൂടെ നേരിട്ടും പദ്ധതി സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.
**2)** PMMVY പുതിയ പോർട്ടൽ http://pmmvy.nic.in എന്നതായിരിക്കും, പ്രസ്തുത പോർട്ടൽ എത്രയും വേഗം പ്രവർത്തനം ആരംഭിക്കും
**3)** നിലവിലുള്ള പി എം എം വി വൈ പോർട്ടലായ http://pmmvy-cas.nic.in എന്ന പോർട്ടൽ അടിയന്തരമായി പ്രവർത്തനരഹിതമാകും തുടർന്ന് ഒന്നാം പ്രസവ ആനുകൂല്യവും രണ്ടാം പ്രസവാനുകൂല്യവും (പെൺകുട്ടിയാണെങ്കിൽ) ലഭിക്കുന്നതിനുള്ള റെജിസ്ട്രേഷൻ പഴയ സോഫ്റ്റ് വെയറിലൂടെ ഡാറ്റാ എൻട്രി നടത്തുവാൻ സാധിക്കുകയില്ല. പുതിയ ഗുണഭോക്താക്കളുടെ അപേക്ഷകൾ ഡാറ്റാ എൻട്രി വരുത്തുവാൻ http://pmmvy.nic.in എന്ന പോർട്ടൽ ഉപയോഗിക്കേണ്ടതാണ്.
**4)** നിലവിലുള്ള പോർട്ടൽ (http://pmmvy-cas.nic.in) 31.03.2023 വരെ ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം നൽകുന്നതിന് പ്രവർത്തിക്കുനതായിരിക്കും. എന്നാൽ PFMS ൽ നിന്നും പയ്മെന്റ് നൽകുന്നതിന് പദ്ധതി അപേക്ഷകൾ 27.03.2023 വരെ മാത്രമേ പി എം എം വി വൈ സോഫ്റ്റ് വെയറിൽ നിന്നും അപ്പ്രൂവ് ചെയ്യുവാൻ സാധിക്കുകയുള്ളൂ. PFMS ൽ നിന്നും 31.03.2023 വരെ പയ്മെന്റ് അപ്പ്രൂവ് ചെയ്യുവാൻ സാധിക്കും.

സൂചന (2) പ്രകാരം 01.04.2022 മുതൽ LMP ഉള്ളതും പെൺകുഞ്ഞു ജനിക്കുന്നതുമായ ഗുണഭോക്താക്കളുടെ വിവരങ്ങൾ ശേഖരിക്കുവാൻ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ സൂചന (3) പ്രകാരം 01.04.2022 മുതൽ രണ്ടാം പ്രസവത്തിൽ പെൺകുഞ്ഞ് ജനിക്കുന്ന ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യത്തിന് അർഹതയുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ സൂചന (2) കത്ത് റദ്ദാക്കിയതായി അറിയിക്കുന്നു.

വിശ്വസ്തതയോടെ,

PRIYANKA G
വനിത ശിശുവികസന ഡയറക്ടർ

I/88346/2023

Signed by Priyanka G
Date: 24-03-2023 00:51:03